# കേരള സർവകലാശാല

നം.പി.ആർ.228/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### അഭിമുഖ പരീക്ഷ

2019 സെപ്തംബർ/ഒക്ടോബർ മാസങ്ങളിൽ നടത്തിയ പാർട്ട് III ബി.എ സപ്ലിമെന്ററി (ആന്വൽ സ്കീം) ഇംഗ്ലീഷ് പരീക്ഷയുടെ അഭിമുഖപരീക്ഷക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 2019 നവംബർ 7-ന് പാളയത്തെ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ രാവിലെ 10 മണി മുതൽ വൈവ നടത്തുന്നതാണ്.

### സമ്പർക്കക്ലാസ്സ്

ഒന്നാം സെമസ്റ്റർ ബി.കോം ക്ലാസുകൾ (2019-20 ബാച്ച്) നവംബർ രണ്ടാം തീയതി മുതൽ കാര്യവട്ടത്തും കൊല്ലം ബി.എഡ് സെന്ററിലും ആരംഭിക്കുന്നതാണ്.

### പരീക്ഷാഫീസ്

ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി/സെക്ഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഡിസംബർ 2019 ന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 31 മുതൽ ആരംഭിച്ചു. പിഴ കൂടാതെ നവംബർ 12 വരെയും 150 രൂപ പിഴയോടെ നവംബർ 14 വരെയും 400 രൂപ പിഴയോടെ നവംബർ 16 വരെയും അപേക്ഷിക്കാവുന്നതാണ്. സെക്ഷണൽ ഇംപ്രൂവ്മെന്റ് ചെയ്യുന്ന വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

ജൂലൈ 2019-ൽ നടത്തപ്പെട്ട കരിയർ റിലേറ്റഡ് CBCSS ബി.സി.എ ഡിഗ്രി കോഴ്സിന്റെ നാലാം സെമസ്റ്റർ (2013 സ്കീമിനു മുൻപ് -2010 & 2011 അഡ്മിഷൻ-മേഴ്സി ചാൻസ് & 2012 അഡ്മിഷൻ-സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ മുഖേന അപേക്ഷിക്കുവാനുള്ള അവസാന തീയതി നവംബർ 08.

2019 സെപ്തംബർ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി ബോട്ടണി, എം.എ മലയാളം പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി നവംബർ 11. 2019 സെപ്തംബർ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി, എം.എ സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ, ജ്യോതിഷ), എം.കോം എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>ത്രിദിന സെമിനാർ</u>

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്ട് ലൈബ്രറി, കാര്യവട്ടം ക്യാമ്പസ്, നവംബർ 20 മുതൽ 22 വരെ 'Ancient Numerals and Measures in South India' എന്ന വിഷയത്തിൽ ത്രിദിന സെമിനാർ സംഘടിപ്പിക്കുന്നു. പ്രസ്തുത സെമിനാറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള അധ്യാപകർ, ഗവേഷകർ, ഈ വിഷയവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ താഴെ പറയുന്ന ഫോൺ നമ്പറിൽ നവംബർ 10-നു മുമ്പായി ബന്ധപ്പെടേണ്ടതാണ്. 0471-2308421, 9895561955.

തിരുവനന്തപുരം,
31.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**